മിസ്റ്റർ വി. കെ. അരവിന്ദാക്ഷ മേനോൻ : കണ്ടതായി ഓർമ്മയുണ്ട്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : അപ്പോൾ അതിനു ഒരു ചീപ്പിടുകയാണെങ്കിൽ അതിന്റെ താഴെയുള്ള കൃഷിക്കാർക്കു വേണ്ടവെള്ളം ഉപയോഗപ്പെടുത്താമെന്ന ഗവർമ്മെണ്ടിനഭിപ്രായമുണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ഈ പാലത്തിന്നു ചീപ്പിടുന്നതു നല്ലതായിരിക്കുമെന്നു തോന്നുന്നില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: പാലത്തിനെ താങ്ങുവാൻ ഇട്ടിരുന്ന കാലുകളിൽ ചിലതു് ഒരുത്തൻ കട്ടുകൊണ്ടുപോകാൻ ശ്രമിച്ചുഎന്നു പറഞ്ഞിട്ടുണ്ടു്. അയാളെ എന്തുചെയ്തു ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : പൊല്ലീസ്സിൽ ഏല്പിച്ചിട്ടുണ്ടു്.

B. O. C. KEROSENE OIL BARGES—LICENSE FEES REALISED

245. മിസ്റ്റർ കെ. പി. വള്ളോൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി നൽകുമോ.—

(ക) ബർമ്മ ഓയിൽകമ്പനിക്കാരുടെ മണ്ണെണ്ണബാർജുകൾക്കു് നൽകീട്ടുള്ള ലൈസൻസ്സുഫീസ്സു് എന്തു്;

(ഖ) എത്ര ബാർജുകൾ ഇപ്പോൾ ഓടുന്നുണ്ടു് ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (ക) ക,ന്നൻ ന്നു ക.

(ഖ) ൻ.

മിസ്റ്റർ കെ. പി. വള്ളോൻ : ക ന്നൻന്നു ക. നൽകീട്ടുള്ളതു് ഒരു ബാർജിനോ അതോ എല്ലാ ബാർജുകൾക്കും കൂടിയുള്ളതൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ലൈസൻസു ചെയ്യേണ്ട ബാർജുകൾക്കെല്ലാം കൂടിയാണു്.

മിസ്റ്റർ കെ. പി. വള്ളോൻ : അവിടെയുള്ള ൻ ബാർജുകൾക്കും കൂടിയുള്ളതാണൊ?

മിസ്റ്റർ. വി. കെ. അരവിന്ദാക്ഷമേനോൻ : എല്ലാം കൂടിയാണെന്നു തോന്നുന്നില്ല.

മിസ്റ്റർ വി. കെ. കുട്ടി: അവിടെയുള്ള എല്ലാ ബാർജുകളും ലൈസൻസ്സു ചെയ്തിട്ടുണ്ടൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : എല്ലാ ബാർജുകളും ലൈസൻസു ചെയ്തിട്ടില്ല.

മിസ്റ്റർ വി. കെ. കുട്ടി : അതിനു കാരണമെന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ചില ബാർജ്ജുകൾക്കു സ്റ്റേറ ലൈസൻസു വേണ്ടാത്തതുണ്ട്.

മിസ്റ്റർ വി. കെ. കുട്ടി: അതു ഒരു ടണ്ണിൽ കൂടുവായതുകൊണ്ടാണൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഒരു ടണ്ണിൽ കുറഞ്ഞിട്ടില്ല. കൊച്ചിൻ പോർട്ട് ലിമിറ്റിൽ മാത്രം ഉപയോഗിക്കുന്നതായ ബാർജസിനു ഇവിടെ ലൈസൻസു ചെയ്യേണ്ട ആവശ്യമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: ഇതു് സാധാരണയായി കിടക്കുന്നതു എറണാകുളത്തൊ അല്ലെങ്കിൽ വേറെവല്ല സ്ഥലത്തുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: എറണാകുളത്താണ്.

മിസ്റ്റർ കെ. പി. വള്ളോൻ: എറണാകുളത്തു പോർട്ട് ലിമിറ്റ്സിൽ പെട്ട സ്ഥലമുണ്ടൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഈ ബാർജ്ജുകൾ പോർട്ടത്തിക്കു പുറത്തുപോകയില്ല. പോർട്ട് ലിമിറ്റിന്റെ ഉള്ളിൽ മാത്രം ഉപയോഗിക്കുന്ന ബാർജ്ജുകളെ ലൈസൻസു ചെയ്യാറില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കൊച്ചിൻ സ്റ്റേറിനു പുറത്തുപോകയാണെങ്കിൽ ലൈസൻസു വേണമെന്നു പറഞ്ഞു, പുറത്തുപോകുന്നുണ്ടൊ എന്നുള്ളതു ഗവർമ്മെണ്ടു എങ്ങിനെ അറിയും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതു നോക്കാൻ കുറെ ആഫീസർമാരുണ്ട്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അവരുടെ അടുത്തുകൂടി പോയെങ്കിൽ മാത്രമല്ലെ അവർക്കു അറിയുവാൻ തരമുള്ളൂ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അങ്ങിനെ പുറത്തുപോയി എന്നറിയുകയാണെങ്കിൽ ഉടനെ ഗവർമ്മെണ്ടു നടപടി നടത്തും.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കൊല്ലത്തിന്റെ ആരംഭത്തിലാണ് ലൈസൻസു എടുക്കേണ്ടതു്. അതെടുക്കാതെ കൊല്ലാവസാനത്തിൽ അങ്ങിനെ പുറത്തുപോയി എന്നറിഞ്ഞാൽ ഗവർമ്മെണ്ടു ലൈസൻസു എങ്ങിനെ ചുമത്തും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഒരു കൊല്ലത്തിൽ എപ്പോഴെങ്കിലും ഗവർമ്മെണ്ടിനു ഒരു ബോട്ടിനെ ലൈസൻസു ചെയ്യാം.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: എപ്പോഴും പുറത്തുപോകുന്നു എന്നുള്ളതു അറിയുവാൻ സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കമ്പനിക്കാരുടെ ഏതെല്ലാം ബോട്ടുകളാണ് സ്റ്റേറിനു പുറത്തുപോകുന്നതു എന്നും, ഏതെല്ലാം ബോട്ടുകളാണ് പോർട്ട് ലിമിറ്റിൽ മാത്രം സഞ്ചരിക്കുന്നതു എന്നും ഒരു ലിസ്റ്റ് ആദ്യം തന്നെ കമ്പനിക്കാരോടു മേടിക്കും. പുറത്തുപോകുമെന്നു പറയുന്ന ബോട്ടുകൾക്കു ലൈസൻസു ചുമത്തും. പുറത്തുപോകയില്ല എന്നു പറഞ്ഞ ബോട്ടുകൾ പിന്നീടു പുറത്തുപോയതായറിഞ്ഞാൽ ഉടനെ അവകളെ ലൈസൻസു ചെയ്യുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. K. Bhaskara Menon *(Cranganur):* May I know whether these barges are kept at Ernakulam or whether they go outside the port limits?

Mr. V. K. Aravindaksha Menon *(Chief Engineer):* Some of the barges of the Burma Shell Company do not go outside the port limits at all. They simply go down to the steamers, take the oil and come back to their destination after storing the oil.

Mr. V. K. Bhaskara Menon *(Cranganur):* Does Ernakulam come within the port limits?

Mr. V. K. Aravindaksha Menon *(Chief Engineer):* Up to the high-tide level of the backwaters is the port limit.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കനാൽ ആഫീസേഴ്സ് അതു ചെക്ക ചെയ്യുണ്ടെ? അല്ലാതെ എങ്ങിനെയാണ് പുറത്തുപോകുന്നതെന്നോ, പോട്ട് ലിമിറ്റിൽ തന്നെയാണെന്നു സഞ്ചരിക്കുക, എന്നുള്ളതു അറിയുവാൻ സാധിക്കുന്നതു?

Mr. V. K. Aravindaksha Menon *(Chief Engineer):* They can see the barges coming through the backwaters. That is how they check any motor boat or any vessel.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ബോട്ടുകൾ എപ്പോഴെങ്കിലും പുറത്തു പോയാൽ ചെക്ക ചെയ്യാതെ എങ്ങിനെ അറിയാൻ സാധിക്കും?

Mr. V. K. Aravindaksha Menon *(Chief Engineer):* They can make enquiries. Generally the barges of the Burmah Shell are used only within the port limits. They generally go to the steamers and take oil. They do not go to the south—to Travancore. I can assure this House that there is absolutely no trouble with regard to this.

Mr. C. R. Iyyunni *(Trichur-South):* That is all what is wanted.

APPENDIX I

(Please see answer to Question No. 231)

Statement showing the number of appointments carrying a pay higher than Rs. 40 per mensem made in the various Departments in 1114 either by promotion or by inter-departmental transfers.

Departments.		*No. of appointments.*
Registration	..	21
High Court	..	2
Criminal Judicial	..	1
Civil Judicial	..	4

LIBRARY ARCHIVES Kerala Legislative Assembly